പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2489 14/12/2015 ൽ മറുപടിക്ക്

**കോഡൂർ പി .എച്ച് .സി .മലപ്പുറം ഹെൽത്ത് ബ്ലോക്കിന് കീഴിലാക്കുന്നതിനുള്ള നടപടി**

| | ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം മണ്ഡലത്തിലെ കോഡൂർ പി .എച്ച് സി.മലപ്പുറം ഹെൽത്ത് ബ്ലോക്കിന് കീഴിലാക്കുന്നതിനുള്ള പ്രപ്പോസൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജില്ലാ മെഡിക്കൽ ഓഫീസർ ഇക്കാര്യത്തിൽ എന്തെങ്കിലും റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ഉണ്ടോ? എങ്കിൽ അതിന്റെ വിശദാംശം നല്കാമോ? | (ബി) | ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ ശുപാർശ സർക്കാരിലേക്ക് സമർപ്പിക്കാമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | കോഡൂർ പഞ്ചായത്ത് മലപ്പുറം ബ്ലോക്ക് പഞ്ചായത്തിലും, മലപ്പുറം നിയമസഭ നിയോജക മണ്ഡലത്തിലും ഉൾപ്പെടുന്നതിനാൽ ഭരണപരമായ സൗകര്യങ്ങൾക്കുവേണ്ടി കോഡൂർ പി .എച്ച് .സി. മലപ്പുറം ഹെൽത്ത് ബ്ലോക്കിന് കീഴിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) | ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ